# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം

## ടൗൺ ഗവ:യു.പി.എസ്.

## കായംകുളം

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | - | ആലപ്പുഴ |
| സ്കൂൾ കോഡ് | - | 36454 |
| സ്കൂളിന്റെ പേര് | - | ടൗൺ ഗവ:യു.പി.എസ് കായംകുളം |
| മേൽവിലാസം | - | കരിലകുളങ്ങര. പി. ഓ, കായംകുളം |
| പിൻകോഡ് | - | 6 9 0 5 7 2 |
| ഇ-മെയിൽ അഡ്രസ് | - | towngups@gmail.com |
| മുൻസിപ്പാലിറ്റി | - | കായംകുളം |
| വിദ്യാഭ്യാസ ജില്ല | - | മാവേലിക്കര |
| സബ്ജില്ല | - | കായംകുളം |
| ക്ലാസുകൾ | - | LKG - 7 |
| മാനേജ്മെന്റ് | - | ഗവൺമെന്റ് |
| പഠന മാധ്യമം | - | ഇംഗ്ലീഷ്, മലയാളം |

## ആമുഖം

പൊതുവിദ്യാഭ്യാസത്തെയും സ്ഥാപനങ്ങളെയും അവയുടെ ഇന്നത്തെ ന്യൂനതകൾ സമ്പൂർണ്ണമായും പരിഹരിച്ച് പരിവർത്തനവിധേയമാക്കേണ്ടതുണ്ട് അതിനായി നാം നമ്മുടെ പൊതുവിദ്യാലയങ്ങളെ പുന:സൃഷ്ടിക്കുവാൻ തയ്യാറെടുക്കുകയാണ്. മികവെന്നാൽ അക്കാദമിക മികവാണ്. അഖിലേന്ത്യതലത്തിൽ സ്കൂൾ വിദ്യാഭ്യാസരംഗത്തെ പ്രധാന പ്രശ്നങ്ങൾ ഒന്നാം തലമുറ പ്രശ്നങ്ങളായ സ്കൂൾ പ്രാപ്തതയും സ്കൂളിലെത്തിച്ചേർന്ന കുട്ടികളുടെ പഠനതുടർച്ചയുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ സമൂഹത്തിന്റെ അർത്ഥപൂർണ്ണമായ പങ്കാളിത്തത്തോടുകൂടി വർഷങ്ങൾക്കു മുമ്പ് തന്നെ ഈ പ്രശ്നം നാം മറികടന്നു. ഇനി നമുക്ക് അഭിമുഖീകരിക്കേണ്ടത് രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യതയുടെയും ഗുണതയുടെയുമാണ്. അതുകൊണ്ട് പൊതുവിദ്യാലയത്തിൽ എത്തിച്ചേർന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്ത് തുല്ല്യത ഉറപ്പാക്കുകയെന്നതാണ് സമഗ്ര ഗുണമേന്മപദ്ധതിയടെ പ്രഥമലക്ഷ്യം. ഇത് നേടണമെങ്കിൽ നിലവിലുള്ള അവസ്ഥ മാറേണ്ടിവരും. പഠനബോധന രംഗങ്ങളിലെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി അധ്യാപകരെ സജ്ജരാക്കേണ്ടി വരും. അതതുഘട്ടങ്ങളിൽ വിദ്യാർഥികൾ എന്തെല്ലാം പഠന ലക്ഷ്യങ്ങൾ സ്വംശീകരിക്കണമെന്ന് വിലയിരുത്തേണ്ടി വരും. സാധ്യമായ വിധത്തിൽ പൊതു സമൂഹത്തിലുള്ള വിവിധ കൂട്ടായ്മകളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും വിദ്യാലയവുമായി ബന്ധപ്പെടുത്തേണ്ടിവരും മുഴുവനും പൊതുജനങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

വിദ്യാലയ മികവ് എന്നാൽ അക്കാദമിക്കൽ മികവാണ് അതുകൊണ്ടുതന്നെ നമ്മുടെ സ്കൂളുകളിൽ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഇത് സാധ്യമാക്കണമെങ്കിൽ ഒരുപാട് മാറ്റങ്ങൾ നമ്മുടെ സ്കൂളിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ആധുനിക സാങ്കേതികവിധികളെ ഫലപ്രദമായി ഉപയോഗിക്കാന്നു അവസരം ഉണ്ടാക്കണം. അതിനായി സ്കൂളിന്റെ ഭൗതിക സൗകര്യം വികസനം ഇതിന് അത്യന്താപേക്ഷിതമാണ്. ഇന്ന് അഭിമുഖീകരിക്കുന്ന വിവിധ മേഖലളിലെ പോരായ്മകൾ എന്തെല്ലാമാണെന്ന് വിലയിരുത്തപ്പെടണം. അതിന്റെ അടിസ്ഥാനത്തിൽ പരിഹാരങ്ങൾ കൃത്യമായി നിർവഹിക്കണം. അവ യാഥാർത്ഥ്യമാക്കുന്നതിന് സമയ ബന്ധിതമായി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം. വിവിധ കേന്ദ്രങ്ങളുടെ സാമ്പത്തികവും അക്കാദമികവുമായ പിന്തുണ ഉറപ്പാക്കണം ഈ രീതിയിൽ തുടർന്നാൽ നമ്മുടെ സ്കൂളിന്റെ മാതൃകാ സ്കൂൾ ആയി മാറ്റിയെടുക്കാം.

# സ്കൂൾ ചരിത്രം

കായംകുളം ടൗൺ ഗവ:യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത് കായംകുളം മുനിസിപ്പാലിറ്റി ഒന്നാം വാർഡിലാണ്. 1961 ലാണ് സ്കൂൾ സ്ഥാപിതമായത്. സ്കൂളിനു വേണ്ടി സ്ഥലം വിട്ടുകൊടുത്തത് വാഴശ്ശേരിൽ ശ്രീ.കെ.ജി. കേശവപിള്ള അവർകളാണ്. ആദ്യകാലത്ത് എൽ.പി. സ്കൂളായും പിന്നീട് അപ്പർ പ്രൈമറി സ്കൂളായും ഉയർത്തപ്പെട്ടു. ഇപ്പോൾ പ്രീ പ്രൈമറി ക്ലാസുകൾ മുതൽ ഏഴാം ക്ലാസ് വരെ 17 ക്ലാസുകൾ പ്രവർത്തിക്കുന്നു ഏകദേശം ഒരേക്കറോളം സ്ഥലത്താണ് സ്കൂൾ പ്രവർത്തിക്കുന്നത്. കുട്ടികൾ ഇവിടെ അധ്യായനം ചെയ്യുന്നു. സ്കൂളിൽ 2 ബസ്സിലും അനേകം മറ്റുവാഹനങ്ങളിലും ആയി കുട്ടികൾ സ്കൂളിൽ എത്തുന്നു. ഈ സ്ഥാപനത്തെ സ്നേഹിക്കുന്ന രക്ഷിതാക്കൾ ആറ് കിലോമീറ്റർ ചുറ്റളവിൽ നിന്നുപോലും കുട്ടികളെ അയയ്ക്കുന്നു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾ കൂടുതൽ പഠിക്കുന്ന ഈ വിദ്യാലയം ഒരു ഹൈസ്കൂൾ തരത്തിലേക്ക് ഉയർത്തണമെന്നാണ് രക്ഷിതാക്കളുടെ ആഗ്രഹം അതിനായി അവർ കൂട്ടായി യത്നിക്കുന്നുമുണ്ട്.

# ലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാ അവസരം ലഭ്യമാക്കുക.

- എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക.

- ഡിജിറ്റൽ വായനശാല, ലബോട്ടറി എന്നിവ നിർമ്മിക്കുക.

- കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുക.

- കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുക.

- അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.

- പ്ലാസ്റ്റിക് വിമുക്ത, ലഹരി വിമുക്ത ക്യാമ്പസ് രൂപപ്പെടുത്തുക.

- കുട്ടികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനുള്ള അക്കാദമിക പിന്തുണ നൽകുക.

- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപാടിൽ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യവും പാരിസ്ഥിതിക മുൻഗണനയും മനസ്സിലാക്കാൻ വേണ്ടി ജൈവ വൈവിധ്യ ഉദ്യാനം പരിപാലിക്കുക.

- കാർഷിക സംസ്കാരമുള്ള പുതുതലമുറയെ വളർത്തുക.

- കുട്ടികൾക്ക് ശലഭോദ്യാനത്തിന്റെ പ്രാധാന്യം അതിന്റെ പ്രയോജനങ്ങളും മനസ്സിലാക്കാൻ വേണ്ടി ശലഭോധ്യാനം പരിപാലിക്കുക.

- ഉറവിട മാലിന്യ സംസ്കരണം അവബോധം ഉണ്ടാക്കുക.

- പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.

- സ്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

# പൊതു വിശകലനം

കായംകുളം ഗവ ടൗൺ.യു.പി.സ്കൂളിന ഒരേക്കർ സ്ഥലമാണ് നിലവിലുള്ളത് എൽ.പി. സ്കൂളുകളായി ഉയർത്തിയപ്പോഴും പ്രീ പ്രൈമറി ക്ലാസുകൾ തുടങ്ങിയപ്പോഴും വിവിധ ഫണ്ടുകളുടെ സഹായത്താൽ പുതിയ കെട്ടിടങ്ങൾ പണിഞ്ഞു. എന്നാൽ ചെറിയ ചെറിയ കെട്ടിടങ്ങൾ മൂലം കുട്ടികൾക്ക് കളിസ്ഥലം തീരെ ഇല്ലാത്ത അവസ്ഥയാണ്. കായിക മത്സരങ്ങൾ, ഇവയുടെ പരിശീലനം എന്നിവ നടത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

കെട്ടിടങ്ങൾ പലതും കാലപ്പഴക്കം ചെന്നവയാണ് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ടിന്റെ അംഗീകാരം കിട്ടിയെങ്കിലും നിർമ്മാണം തുടങ്ങിയിട്ടില്ല. ഉടൻതന്നെ അതിന്റെ അനുമതി കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു സ്ഥലപരിമിതി മൂലം മൂത്രപ്പുരകളും, ടോയ്‌ലറ്റുകളും ക്ലാസിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത് ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പറഞ്ഞറിയിക്കാൻ പറ്റാത്തതാണ് ഇവയ്ക്ക് പരിഹാരം കണ്ടേ പറ്റൂ.

# അക്കാദമിക് മികവ്

ഗുണമേന്മയുള്ള വിദ്യാഭ്യാസ കുട്ടികൾക്ക് ലഭിക്കുന്നതിൽ കാണിശത പുലർത്തുന്നത് കൊണ്ടാണ് അക്കാദമിക്ക് മികവുകൾ പ്രകടിപ്പിക്കുവാൻ സാധിക്കുന്നത്. പുതുക്കിയ പാഠ്യപദ്ധതികളുടെയും കരിക്കുലത്തിന്റെയും ശരിയായ വിനിമയവും പഠനലക്ഷ്യവും ഉറപ്പുവരുത്തുന്നതിലൂടെയും പഠനവിടവുകൾ പരിഹരിച്ച് പിന്തുണ സംവിധാനങ്ങൾ ഒരുക്കുന്നതിലൂടെയുമാണ് സ്കൂൾ അക്കാദമിക ഉന്നതി കൈവരിക്കുന്നത്. ഇത് കൃത്യമായും ഫലപ്രദമായും നടക്കുന്നതിന് SRG മീറ്റിങ്ങുകൾ സഹായിക്കുന്നുണ്ട്. നിരന്തരം വിലയിരുത്തുകളും മിഡ് ടേം പരീക്ഷകളും പഠന വിടവുകൾ പരിഹരിക്കുന്നതിന് സഹായകമാകുന്നു. ക്ലാസ് PTA കൃത്യമായ ദിശാബോധം നൽകുന്നത് സഹായിക്കുന്നു.

കഴിഞ്ഞ എൻ.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ ഈ സ്കൂളിലെ 13 കുട്ടികൾ അർഹരായി സബ്ജില്ലാതല ന്യൂമാക്സ് പരീക്ഷയിൽ ഒന്നാമത് എത്തുവാനും കഴിഞ്ഞു. ഒന്നാം ക്ലാസ് ഒന്നാം തരം എന്നതിന്റെ ഭാഗമായി കുഞ്ഞെഴുത്ത്, ഡയറിയെഴുത്ത് രക്ഷിതാക്കൾ പങ്കെടുത്ത ഗണിതശില്പശാല തുടങ്ങിയവ ഒന്നാം ക്ലാസിലെ മികവ് പഠനപ്രവർത്തനങ്ങൾക്കായി യു. എസ്. എസ് പരീക്ഷയിൽ 4 കുട്ടികൾ നേടി സമൂഹത്തിന് മുന്നിൽ നേർവഴി എന്ന പേരിൽ കോർണർ പി.ടി.എ.കൾ നടത്തുന്നതിന് അക്കാദമിക് ഉന്നത തരത്തിലുള്ള മുതൽക്കൂട്ടാക്കുന്നുണ്ട്

# ജില്ലാതല പരിപാടികൾ സ്കൂൾ ഏറ്റെടുക്കുന്ന പരിപാടികൾ

- ഒരുപിടി നന്മ
- ഭക്ഷണ അലമാര
- സഹപാഠികൾക്ക് ഒരു കൈത്താങ്ങ്

## നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ

| | | |
|---|---|---|
| പ്രിന്റർ | - | 1 |
| സ്കാനർ | - | 1 |
| പ്രൊജക്ടർ | - | 3 |
| സ്മാർട്ട് ക്ലാസ്സ്റൂം | - | 3 |
| കമ്പ്യൂട്ടർ, ഡെക്സ്ടോപ്പ് | - | 10 |
| ലാപ്ടോപ്പ് | - | 10 |
| ടിവി | - | 2 |
| ഡെസ്ക്ക് | - | 125 |
| ബെഞ്ച് | - | 150 |
| കസേര | - | 90 |
| മേശ | - | 25 |
| സ്കൂൾ | - | 5 |
| അലമാര | - | 12 |
| ഫാൻ | - | 30 |
| ലൈബ്രറി പുസ്തകങ്ങൾ | - | 1000 |

## നിലവിലുള്ള ക്ലാസ് മുറികൾ

| | | |
|---|---|---|
| ക്ലാസ് മുറി | - | 16 |
| ഓഫീസ് | - | 1 |
| സ്റ്റാഫ് റൂം | - | 1 |
| കമ്പ്യൂട്ടർ റൂം | - | 1 |
| ലാബ് | - | 1 |
| പാചകപ്പുര | - | 1 |

## ജനറൽ

| | | |
|---|---|---|
| വാട്ടർ ടാങ്ക് | - | 2 |
| മോട്ടർ | - | 7 |
| ആൺകുട്ടികളുടെ മൂത്രപ്പുര | - | 8 |
| പെൺകുട്ടികളുടെ മൂത്രപ്പുര | - | 17 |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- കളിസ്ഥല വികസനം
- ഹൈടെക് ക്ലാസുകൾ
- ലാബ്, ലൈബ്രറി
- സ്റ്റാഫ് റൂം
- ഭാഷാ ലാബ്
- ഡൈനിങ് ഹോൾ
- ടോയ്‌ലറ്റ് (ഭിന്നശേഷിക്കാർക്കും ഉപയോഗിക്കാവുന്നത്)
- മൂത്രപ്പുരകൾ
- മാലിന്യ സംസ്കരണം
- കുടിവെള്ള വിതരണം
- നീന്തൽ കുളം
- ഇൻഡോർ സ്റ്റേഡിയം
- സോളാർ പാനൽ
- മൾട്ടിമീഡിയ ഹാൾ

# അക്കാദമികം

- ഭിന്നശേഷി വികസനം മലയാളം, ഹിന്ദി, ഇംഗ്ലീഷ്
- അമ്മ അറിയാൻ
- ഹരിതോത്സവം ദിനാചരണം
- വായനാവസന്തം
- ഗുരുപൂജ
- ഗണിത ശേഷി വികസനം
- ചതുഷ്ക്രിയ ചെയ്യുന്നതിൽ പ്രാവിണ്യം  നേടുക
- ശാസ്ത്ര പോഷണ പരിപാടി
- ഇംഗ്ലീഷ് പരിപോഷണം
- വായന മികവ് ഉണ്ടാക്കൽ പ്രതിഭകളെ കണ്ടെത്തൽ
- ഗവേഷണ പ്രവർത്തനങ്ങൾ

# പാഠ്യാനുബന്ധം

- കൗൺസിലിംഗ് ക്ലാസുകൾ
- പഠനയാത്ര
- രചനോത്സവം
- പോഷകാഹാര പരിപാടി
- ഒറിഗാമി ശില്പശാല
- ദിനാചരണങ്ങൾ
- കായികപഠനം
- പ്രവർത്തി പരിചയപരിശീലനം
- മെഡിക്കൽ ക്യാമ്പ്
- ക്ലാസ് .പി.ടി.എ സജീവമാക്കൽ
- പച്ചക്കറി ത്തോട്ടം
- ജൈവ വൈവിധ്യ പാർക്ക്
- ശലഭ്യോദ്യാനം
- പൂർവ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി
- എസ്.എം.സി, എം. പി. ടി. എ. എന്നിവ ശക്തിപ്പെടുത്തൽ

# അധ്യാപകരും വിവരങ്ങളും 2025 - 2026

| | | | |
|---|---|---|---|
| 1.) | ജെസ്സി വർഗീസ് | - | എച്ച് എം |
| 2) | മുംതാസ് ബീഗം | - | ഹിന്ദി |
| 3) | അശ്വതി.എസ്. എസ് | - | ഇംഗ്ലീഷ്, ഇ.വി.എസ് |
| 4) | സജിത്ത് ഡി.പി | - | മലയാളം, മാക്സ് |
| 5) | അരുണിമ .എസ് | - | മലയാളം, മാക്സ് |
| 6) | രാധിക. എ | - | മലയാളം, മാക്സ് |
| 7) | ഫാത്തിമ. എ | - | ഇംഗ്ലീഷ് |
| 8) | നിമ്മി. എം | - | ഇ.വി.എസ്, ഇംഗ്ലീഷ് |
| 9) | ആര്യ എസ് | - | മാക്സ്, സോഷ്യൽ സയൻസ്, മലയാളം |
| 10) | മായ. എൽ | - | ഇംഗ്ലീഷ്, മലയാളം |
| 11) | നദീറ. എ. എസ് | - | ഇംഗ്ലീഷ്, ബേസിക് സയൻസ് |
| 12) | അനുരാജ് | - | മലയാളം, മാക്സ്, ബേസിക് സയൻസ് |
| 13) | അനസ് | - | എൽ. പി. അറബിക് |
| 14) | സൗമ്യ. ആർ | - | മാക്സ്, സോഷ്യൽ സയൻസ്, മലയാളം |
| 15) | ബുനീഷ. പി | - | ഇംഗ്ലീഷ്, മലയാളം, ബേസിക് സയൻസ് |
| 16) | അൻസില മോൾ. ടി. എം | - | മാക്സ്, മലയാളം |
| 17) | സുലൈമാത്ത് സി വി | - | യു.പി. അറബിക് |
| 18) | ശരണ്യ എസ് | - | ഇംഗ്ലീഷ്, മലയാളം, ബേസിക് സയൻസ് |

# അക്കാദമികം

| ക്രമ നമ്പർ | ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|---|
| 1 | LKG | 12 | 14 | 26 |
| 2 | UKG | 18 | 16 | 34 |
| 3 | STD – 1 | 20 | 17 | 37 |
| 4 | STD -2 | 22 | 21 | 43 |
| 5 | STD -3 | 27 | 23 | 50 |
| 6 | STD -4 | 30 | 14 | 44 |
| 7 | STD -5 | 29 | 27 | 56 |
| 8 | STD -6 | 35 | 36 | 71 |
| 9 | STD -7 | 15 | 36 | 51 |
| | **Total** | **208** | **204** | **412** |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| 1 | സമഗ്ര ഗുണമേന്മ ബോധവത്ക്കരണ ക്ലാസ്സുകൾ | ബോധവൽക്കരണ ക്ലാസ്സുകൾ, യോഗപരിശീലനക്ലാസ്സുകൾ, പ്ലക്കാർഡ് നിർമ്മാണം, ലഹരിവിരുദ്ധറാലി, പോസ്റ്റർനിർമ്മാണം, ക്വിസ്, പരിസ്ഥിതി പരിപാലനം, ഒപ്പ് ശേഖരണം, ലഘുലേഘവിതരണം | ജൂൺ 3 - 13 | S.R.G, S.M.C |
| 2 | ഭാഷാ ശ്രേഷ്ഠീ വികസനം മലയാളം, ഇംഗ്ലീഷ്, അറബിക്, ഹിന്ദി | സ്വതന്ത്ര വായന, ലേഖനം, ആവിഷ്കാര പ്രവർത്തനങ്ങൾ, സംയുക്ത ഡയറി, സർഗാത്മക ഡയറി, ചുമർ പത്രങ്ങൾ, ഡിജിറ്റൽ മാഗസിൻ, ദൃശ്യാവിഷ്കാരം സ്റ്റിക്കറുകൾ, ലൈബ്രറി ഉപയോഗം (നാട്ടുവായന, അമ്മവായന) ബാലസഭ, രചനശില്പശാല, ഡോക്യുമെന്ററി പ്രദർശനം, പുസ്തക ശേഖരണവും പ്രദർശനവും, ചിത്രഗ്യാലറി, ക്ലാസ് ലൈബ്രറി ഒരുക്കൽ പ്രാദേശിക കലാകാന്മർ, സാഹിത്യകാന്മർ എന്നിവരുമായി സംവദിക്കൽ, വാർത്ത വായന, (അസംബ്ലി വായന, ക്ലാസ് വായന) ഇ-കമ്പ്യൂട്ടറിംഗ് (കുട്ടികളെ മലയാളം കമ്പ്യൂട്ടറിംഗ് പരിശീലനം) ശില്പശാല, ഇംഗ്ലീഷ്, ഹിന്ദി റേഡിയോ വാർത്തകൾ റിക്കോർഡ് ചെയ്ത് കേൾപ്പിക്കൽ റോൾപ്ലേ, ദിനാചരണം | | SRG, Class Trs SMC |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| | | **ഹ്രസ്വകാല പ്രവർത്തനങ്ങൾ**<br>മുഴുവൻ കുട്ടികളെയും വായിക്കുവാനും, എഴുതുവാനും പ്രാപ്തരാക്കുന്നു.(റീഡിങ്ങ് കാർഡ്, വർക്ക്ഷീറ്റ്)<br>**ദീർഘകാല പ്രവർത്തനങ്ങൾ**<br>ഇംഗ്ലീഷ്, ഹിന്ദി ഭാഷയിൽ ആശയവിനിമയം നടത്തുക.<br>(കമ്യൂണിക്കേറ്റിവ് ക്ലാസ്സുകൾ) | ജൂൺ – ഒക്ടോബർ 30<br><br>ജൂൺ – ഫെബ്രുവരി 28 | |
| 3 | ശാസ്ത്ര മേഖല<br>പരിസര പഠനം<br>സയൻസ് | ഭക്ഷ്യമേള, ഉദ്യാന നിർമ്മാണം, സാമൂഹ്യ വനവൽക്കരണം, ഫീൽഡ് ട്രിപ്പ്, അടുക്കളത്തോട്ട നിർമ്മാണം, പഠനയാത്ര, ആഭിമുഖം, ലഘുപരീക്ഷണങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, പതിപ്പ്, ചാർട്ട്, ആൽബം, മാസിക, പരീക്ഷണക്കളരി, | ജൂൺ – ഫെബ്രുവരി 28 | SRG,<br>Class Trs<br>SMC |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| | | പ്രോജക്ടുകൾ, സ്കൂൾതല ശാസ്ത്രമേള, ദിനാചരണങ്ങൾ, ശാസ്ത്രമേള പരിശീലനം, ശാസ്ത്ര ഉപകരണ നിർമ്മാണം | | |
| 4 | സാമൂഹ്യ ശാസ്ത്ര മേഖല | Virtual Field trip, സ്കൂൾ പാർലമെന്റ്, ഇലക്ഷൻ , Field Trip ട്രാഫിക് ബോധവൽക്കരണം, അസംബ്ലി, സിനിമ പ്രദർശനം, ദിനാചരണങ്ങൾ ശാസ്ത്രമേള പരിശീലനം | ജൂൺ – ഫെബ്രുവരി 28 | SRG, Class Trs SMC |
| 5 | ഗണിത മേഖല | മാഗസിൻ നിർമ്മാണം, ജ്യാമിതീയ രൂപങ്ങൾ നിർമാണം, ഒറിഗാമി ശില്പശാല, ഗണിതോത്സവം, ഗണിത ലാബ് ഒരുക്കൽ ദിനാചരണങ്ങൾ, ഗണിത ക്ലിനിക്ക്, (ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ) ശാസ്ത്രമേള പരിശീലനം<br>**ഹ്രസ്വകാല പ്രവർത്തനങ്ങൾ**<br>പഠനോപകരണ നിർമ്മാണം<br>**ദീർഘകാല പ്രവർത്തനങ്ങൾ**<br>പിന്നേക്കക്കാരായ കുട്ടികളെ ചതുഷ്ക്രിയകൾ തെറ്റുകൂടാതെ ചെയ്യുവാൻ പ്രാപ്തരാക്കുക (വർക്ക്ഷീറ്റ്, ഫീൽഡ്ട്രിപ്പ്, പ്രാക്ഷണൽ ഡിസ്ക്ക്) | ജൂൺ – ഓഗസ്റ്റ് 30<br>ജൂൺ – ഫെബ്രുവരി 28 | SRG, Class Trs SMC |
| 6 | ആരോഗ്യ കായിക വിദ്യാഭ്യാസം | കായിക വിദ്യാഭ്യാസം നൽകുന്നു, സ്പോർട്സ് ഇനങ്ങൾ പരിശീലനം, (വ്യക്തിഗതപരിശീലനം) ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ, സുംബ ഡാൻസ് പരിശീലനം, സ്പോർട്സ് ഡേ, സബ്ജില്ലാ-ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കാനുള്ള പരിശീലനം, | ജൂൺ – ഫെബ്രുവരി 28 | SRG, Class Trs SMC |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| | | യോഗ പരിശീലനം, മെഡിറ്റേഷൻ, പൊതു കളി സ്ഥലം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ കളി ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നു | | |
| 7 | വിവരസാങ്കേതികവിദ്യ മേഖല | മുഴുവൻ കുട്ടികൾക്കും അടിസ്ഥാനപരമായ കമ്പ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നു, ഐടിലാബ്, പ്രൊജക്ടറുകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു, ഡിജിറ്റൽ ആൽബം, വീഡിയോ പ്രദർശനം, സിനിമാ പ്രദർശനം ടൈപ്പിംഗ്, വീഡിയോ എഡിറ്റിംഗ് ഡിജിറ്റൽ പെയിന്റിംഗ്, E cube, E poster നിർമ്മാണം, ITശാസ്ത്രമേള പരിശീലനം E vidhya യിലെ പാഠഭാഗങ്ങൾ പരിശീലനം. | ജൂൺ – ഫെബ്രുവരി 28 | SRG, Class Trs SMC |
| 8 | കലാ മേഖല | ബാലസഭ, അസംബ്ലി, സ്കൂൾതലകലോത്സവം, സ്കൂൾ ആനിവേഴ്സറി, ഓണം-ക്രിസ്മസ് ആഘോഷങ്ങൾ, സബ്ജില്ല ജില്ലാ കലാ മത്സരങ്ങളുടെ പരിശീലനം, ചിത്രരചനാ മത്സരങ്ങൾ, വിദ്യാരംഗംകലാസാഹിത്യ വേദി പ്രദർശനങ്ങൾ ക്ലാസ്സ്തല കലാ പ്രവർത്തനങ്ങൾ (വെള്ളിയാഴ്ചകളിൽ) | ജൂൺ – ഫെബ്രുവരി 28 | SRG, Class Trs SMC |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| 9 | ELEP (English Learning Enrichment Programme) | റോൾ പ്ലേകൾ ICT പ്രദർശനം, വീഡിയോ പ്രദർശനം, ക്രാഫ്റ്റ്നിർമ്മാണം, Story Telling, മൂകഅഭിനയം പ്രദർശിപ്പിക്കുക ,പ്ലക്കാർഡുളുടെ നിർമ്മാണം, Miming, Puppet Making, മുദ്രവാക്യങ്ങൾ ഉണ്ടാക്കൽ | | |
| 10 | ദിനാചരണങ്ങൾ | പൊതുയോഗം | മെയ്- 27 | S.M.C |
| | | പ്രവേശനോത്സവം | ജൂൺ - 2 | S.R.G, S.M.C |
| | | പരിസ്ഥിതി ദിനം<br>ence | ജൂൺ - 5 | S.R.G, Sci-<br>Club, S.M.C |
| | | വായനദിന<br>ക്ലബ് | ജൂൺ - 19 - 26 | വിദ്യാരംഗം |
| | | ബഷീർ ചരമദിനം<br>ക്ലബ് | ജൂലൈ - 5 | വിദ്യാരംഗം |
| | | ലോക ജനസംഖ്യാദിനം | ജൂലൈ - 11 | SS Club |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| | | ചന്ദ്രദിനം | ജൂലൈ - 21 | Science Club |
| | | സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് | ജൂലൈ - 24 | IT, SS Club |
| | | പ്രേം ചന്ദ് ദിനം | ജൂലൈ - 31 | ഹിന്ദിക്ലബ് |
| | | ഹിരോഷിമ ദിനം | ആഗസ്ററ് - 6 | SS Club |
| | | സ്പോർട്സ് ഡേ | ആഗസ്ററ് | Sport Club |
| | | സ്വാതന്ത്ര്യദിനാഘോഷം | ആഗസ്ററ് - 15 | SRG, SS Club, S.M.C |
| | | ഓണാഘോഷം | ആഗസ്ററ് - | S.M.C, Arts Club |
| | | അധ്യാപകദിനം | സെപ്റ്റംബർ | S.R.G |
| | | ഓസോൺ ദിനം | സെപ്റ്റംബർ - 16 | Science Club |
| | | സ്കൂൾതല ശാസ്ത്രമേള | സെപ്റ്റംബർ | WE, SS, Science, Maths Club |
| | | CPTA | സെപ്റ്റംബർ | HM, Class Trs |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| | | സ്കൂൾ കലോത്സവം | സെപ്റ്റംബർ | Art Club |
| | | ഗാന്ധിജയന്തി | ഒക്ടോബർ - 2 | SS Club, S.M.C |
| | | ശിശുദിനം | നവംബർ - 14 | S.R.G, S.M.C |
| | | ശ്രീനിവാസ രാമാനുജൻ ദിനം | ഡിസംബർ - 22 | Maths Club |
| | | ക്രിസ്മസ്സ് ആഘോഷം | ഡിസംബർ | Art Club |
| | | CPTA | ജനുവരി | HM, Class Trs |
| | | റിപ്പബ്ലിക് ദിനം | ജനുവരി - 26 | S.S Club |
| | | ദേശീയ ശാസ്ത്ര ദിനം | ഫെബുവരി - 25 | S.S Club. Scienc Club, |
| | | പഠനോത്സവം | മാർച്ച് - | S.R.G, |
| | | സ്കൂൾ ആനിവേഴ്സറി | മാർച്ച് - | Art Club, S.M.C |